# കേരള സർവകലാശാല

നം. പി.ആർ.230/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഒക്ടോബർ 27 മുതൽ നടത്തുന്ന ബി.കോം ആന്വൽ സ്കീം സപ്ലിമെന്ററിയുടെ എല്ലാ പരീക്ഷകളുടെയും കേന്ദ്രം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഗവ: ആർട്ട്സ് കോളേജിലേയ്ക്ക് മാറ്റിയിരിക്കുന്നു. ഒക്ടോബർ 27, 30 തീയതികളിൽ നടക്കുന്ന ബി.എ പരീക്ഷകളുടെ കേന്ദ്രം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും പാളയം ക്യാമ്പസിലുള്ള വിദൂരപഠനകേന്ദ്രത്തിലേക്കും മാറ്റിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിച്ചിട്ടുള്ള ഹാൾടിക്കറ്റുകൾ ഉപയോഗിക്കാവുന്നതാണ്. പരീക്ഷാ സമയത്തിന് മാറ്റമില്ല.

### ക്യാമ്പസുകളിലെ ഭക്ഷ്യസുരക്ഷ; യു.ജി.സി നിർദേശം

ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദേശ പ്രകാരം യൂണിവേഴ്സിറ്റി ക്യാമ്പസുകളിലും അഫിലിയേറ്റഡ് സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഭക്ഷണശാലകളിലെ ഭക്ഷ്യ-വസ്തുക്കളുടെ ഗുണനിലവാരം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അതാതു സ്ഥാപനങ്ങൾ കൈക്കൊള്ളണമെന്ന് യു.ജി.സി നിർദേശിക്കുന്നു. കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ഈ നിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

### വൈവ പരീക്ഷ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ തമിഴ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ വൈവ ഒക്ടോബർ 31-ാം തീയതി നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

### ബി.കോം ഫലം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ടൂറിസം & ട്രാവൽ മാനേജ്മെന്റ് (338) പരീക്ഷയുടെ ഫലം (2014 സ്കീം - സപ്ലിമെന്ററി & 2015 സ്കീം - റഗുലർ) പ്രസിദ്ധീകരിച്ചു. ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

### പി.ജി. പരീക്ഷാഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം സംഘടിപ്പിച്ച പി.ജി. സർട്ടിഫിക്കറ്റ് ഇൻ അഡോളസെന്റ് ആന്റ് പ്രീ-മാരിറ്റൽ കൗൺസലിംഗ് കോഴ്സിന്റെ ജൂലൈയിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. രജി.നമ്പർ 11189 (ജിൻഷാ. എൻ.അഷ്റഫ്) ഒന്നാം റാങ്ക് നേടി.

# ബി.ഫാം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം വർഷം ബി.ഫാം സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനപരിശോധനയ്ക്കും സൂക്ഷ്മനിരീക്ഷണത്തിനും നവംബർ നാല് വരെ അപേക്ഷിക്കാവുന്നതാണ്.

തിരുവനന്തപുരം.
24.10.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098